നൽകണമെന്നും ടി പെരിയാർ ഇൻഡസ്ട്രീസിന്റെ പേരിൽ എന്തെങ്കിലും ബാധ്യത ഉണ്ടെങ്കിൽ ആയതും ടിയാൻ ഏറ്റെടുക്കുവാൻ തയ്യാറാണെന്ന് ശ്രീ. അനസ് അറിയിച്ചിട്ടുണ്ട്. എന്നാൽ ബി.എസ്.എൻ.എൽ. ടി സ്ഥലത്ത് ടവർ നിർമ്മാണത്തിനായി മാറ്റിവെച്ചിട്ടുള്ളതാണെന്നും ടി സ്ഥലത്ത് ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മാണത്തിനായി വകുപ്പുതല മേധാവിയുടെ അനുവാദത്തോടെ വിട്ടുകൊടുക്കുന്നതിന് സമ്മതമാണെന്നും ബി.എസ്.എൻ.എൽ ഡി.ജി.എം.(ഒ) ശ്രീ. സുധീർ യോഗത്തിൽ അറിയിച്ചു.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്&ജി) പ്രസ്തുത സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമാണോയെന്ന് പരിശോധിക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ അഗ്നിരക്ഷാസേന നേരിടുന്ന പ്രയാസങ്ങൾ

228 (234) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവനക്കാരുടെ കുറവും കേസ്സുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും കാരണം മലപ്പുറം ജില്ലയിലെ അഗ്നിരക്ഷാസേന നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലയിലെ ഫയർ സ്റ്റേഷനുകളിൽ ഓരോന്നിലും ഫയർമാന്മാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ; അവ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ഫയർ സ്റ്റേഷനുകളിൽ എത്രയും വേഗം ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ ;

(ഡി) ജില്ലയിൽ പുതുതായി ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ; എങ്കിൽ അതിന്റെ പുരോഗതികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫയർമാൻ തസ്തികയിലുള്ള ജീവനക്കാരുടെ കുറവ് ഹോംഗാർഡുകളെ നിയമിച്ച് അവരുടെ ജോലി ഭാരം കുറച്ചുവരുന്നു.

(ബി) മലപ്പുറം ജില്ലയിലെ ഫയർ സ്റ്റേഷനുകളിൽ താഴെപ്പറയുംവിധം ഫയർമാൻമാരുടെ ഒഴിവുകൾ ഉണ്ട്. അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1.	മലപ്പുറം	-	13
2.	തിരൂർ	-	13
3.	പൊന്നാനി	-	15
4.	നിലമ്പൂർ	-	15
5.	പെരിന്തൽമണ്ണ	-	6

(സി) പി.എസ്.സി. ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് നിലവിലുള്ള ഒഴിവുകൾ നികത്തും.

(ഡി) സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള സ്ഥലങ്ങളിൽ മാത്രമേ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് മുൻഗണന നൽകി വരുന്നുള്ളൂ.

കോഴിക്കോട് ജില്ലയിലെ പുതിയ ഫയർ സ്റ്റേഷനുകൾ

229 (235) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ രാമനാട്ടുകരയിലും, പന്തീരാം കാവിലും പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ &ബി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

ലോകായുക്ത ആക്ട്

230 (236) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോകായുക്ത ആക്ട് പരിഷ്കരിക്കുന്നതിന് വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ കമ്മിറ്റിയുടെ പ്രധാന ശിപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) കമ്മിറ്റിയുടെ ശിപാർശകൾ നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly